കാനഡയുടെ സഹായത്തോടെ കണ്ണൂർ ജില്ലയിലെ കോടിയേരിയിൽ സ്ഥാപിക്കുന്ന മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏത് അവസ്ഥയിലാണ് എന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം പൂർണ്ണമായും ഏറ്റെടുത്തു കഴിഞ്ഞു.

ഈ ആശുപത്രി രണ്ടു ഘട്ടങ്ങളായി നിർമ്മിക്കാനാണ് ധാരണയായിട്ടുള്ളത്. കനേഡിയൻ ഏജൻസി ഒന്നാം ഘട്ടത്തിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കോൺട്രാക്ടറെ നിർണ്ണയിച്ച് കരാറിന് മുൻപുള്ള "ഇൻടെൻഡ്ലറ്റർ" നൽകി കഴിഞ്ഞു. ഒരു മാസത്തിനകം നിർമ്മാണ ജോലികൾ തുടങ്ങും എന്നാണ് പ്രതീക്ഷിക്കുന്നത്.

കനേഡിയൻ ഏജൻസിയുമായുള്ള ധാരണ അനുസരിച്ച് മലബാർ ക്യാൻസർ ആശുപത്രിയുടെ ഒന്നാം ഘട്ടം 2000 സെപ്റ്റംബറിൽ പ്രവർത്തനക്ഷമമാകും എന്ന് പ്രതീക്ഷിക്കുന്നു. ഒന്നാംഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിന്റെ ജോലികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കനേഡിയൻ ഏജൻസി അറിയിച്ചിട്ടുണ്ട്.

176 (2554) വയനാട് ജില്ലാ സഹകരണ ആശുപത്രി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ സഹകരണ ആശുപത്രി പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പുനരുദ്ധാരണ സാദ്ധ്യത പരിശോധിക്കുന്നതാണ്.

(ബി) വയനാട് ജില്ലാ സഹകരണ ആശുപത്രിയുടെ പ്രവർത്തനത്തെക്കുറിച്ച് സഹകരണ നിയമം 65-ാം വകുപ്പു പ്രകാരം അന്വേഷണം നടത്തുകയും അത് 30-6-99-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിരുന്ന സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് 16-8-99-ൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ ഭരണസമിതി അധികാരമേറ്റെടുത്ത ശേഷം അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ വെളിച്ചത്തിൽ സംഘത്തിന്റെ പുനരുദ്ധാരണ സാദ്ധ്യത പരിശോധിക്കുന്നതാണ്.

177 (2555) പുതിയ സഹകരണ പരിശീലന കേന്ദ്രം

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly